**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ — സാനിട്ടേഷൻ വർക്കർ ശ്രീ.പി.എൽ.മോഹന 76,575/- രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1180/2017/തസ്വഭവ തിരുവനന്തപുരം. തീയതി : 17/04/201

പരാമർശം : 1) ശ്രീ.പി.എൽ.മോഹനന്റെ 09/12/2014 തീയതിയിലെ അപേക്ഷ.
2) കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 07/10/2015 തീയതിയിലെ 1-ാം നമ്പർ തീരുമാനം.
3) കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 30/12/2015 തീയതിയിലെ എംഎച്ച്4/2423/09 നമ്പർ കത്ത്.
4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06/02/2017 തീയതിയിലെ എം.ആർ3-13446/16/ഡിഎച്ച്എസ് നമ്പർ വെരിഫിക്കേഷൻ റിപ്പോർട്ട്.
5) നഗരകാര്യ ഡയറക്ടറുടെ 01/03/2017 തീയതിയിലെ ഡിസി1-2623/2011 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് സർക്കിൾ 18 ലെ സ്ഥിരം സാനിട്ടേഷൻ വർക്കറായിരുന്ന ശ്രീ.പി.എൽ.മോഹനൻ തന്റെ നട്ടെല്ല് സംബന്ധമായ ചികിത്സയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചെലവായ 1,29,339/- (ഒരു ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി മുന്നൂറ്റി മുപ്പത്തിയൊമ്പത് രൂപാ മാത്രം) രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. ടിയാന് 74.559/- രൂപ (എഴുപത്തി നാലായിരത്തി അഞ്ഞൂറ്റി അമ്പത്തിയൊമ്പത് രൂപാ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം കോർപ്പറേഷൻ കൗൺസിൽ തീരുമാനമെടുക്കുകയും ചെയ്തു. ടിയാന് 76,575/- രൂപ (എഴുപത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപാ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനത്തിൽ അനുവദനീയമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയത് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് ശിപാർശയും ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.എൽ.മോഹനന് നട്ടെല്ല് സംബന്ധമായ അസുഖത്തിന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചെലവാ

തുകയിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 76,575/- രൂപ (എഴുപത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപാ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയും നഗരകാര്യ ഡയറക്ടറും പരിശോധിച്ച് ഉറപ്പ് വരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിലും ടി തുക കൊച്ചി മുൻസിപ്പൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും കേരള ഗവണ്മെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.